# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ജൂൺ 24, തിങ്കൾ

**നമ്പർ 174**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തര പ്രമേയം :

കണ്ണൂർ ആന്തൂരിലെ പ്രവാസി വ്യവസായിയായ സാജൻ ആത്മഹത്യ ചെയ്ത സംഭവത്തിലെ കുറ്റവാളികളെ രക്ഷിക്കാനും അന്വേഷണം ബോധപൂർവ്വം അട്ടിമറിക്കാനും ശ്രമിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എം. ഷാജിയും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

[ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയുടെ നടുത്തളത്തിൽ ഇറങ്ങി മുദ്രാവാക്യം വിളിക്കുകയും സഭാ നടപടികൾ തടസ്സപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ]

ശ്രദ്ധ ക്ഷണിക്കൽ:

ഇടമലയാർ ജലസേചന പദ്ധതിയിൽപ്പെട്ട ഇടതുകര ലിങ്ക് കനാൽ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ബി. ഡി. ദേവസ്സി ജലവിഭവ വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു ജലവിഭവ വകുപ്പ് മന്ത്രിയ്ക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി അതുസംബന്ധിച്ച് പ്രസ്താവന മേശപ്പുറത്തുവച്ചു

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം അംഗങ്ങൾ നൽകിയ താഴെപ്പറയുന്ന വിഷയങ്ങൾക്ക് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവനകൾ മേശപ്പുറത്തുവച്ചു :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | തിരുവനന്തപുരം പോലീസ് സഹകരണസംഘം തെരഞ്ഞെടുപ്പ് | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. ജെ. മാക്സി | കൊച്ചി തുറമുഖത്തിന് സമീപം മലബാർ സിമന്റ്സിനായി ഏറ്റെടുത്ത ഭൂമിയുടെ ഉപയോഗം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. പി. കെ. ബഷീർ | അരീക്കോട് സ്റ്റേഡിയം നിർമ്മാണം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. പി. അനിൽ കുമാർ | കേരള എസ്റ്റേറ്റ് വില്ലേജിലെ ഭൂമിയുടെ പോക്കുവരവ് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. റോഷി അഗസ്റ്റിൻ | പ്രളയംമൂലം ചെറുകിട വ്യാപാരസ്ഥാപനങ്ങൾ, തൊഴിൽശാലകൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. ദാസൻ | പയ്യോളിയിലേയും സമീപഗ്രാമപഞ്ചായത്തുകളിലേയും കുടിവെള്ളക്ഷാമം | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. ടി. എ. അഹമ്മദ് കബീർ | ളുതപ്പുഴയിൽ കീഴുമുറി കടവുമോദിക്കയം ഭാഗത്ത് റെഗുലേറ്റർ കം ബ്രിഡ്ജ് | ധനകാര്യവും കയറും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. ഒ. ആർ. കേളു | VKY ഭവന നിർമ്മാണ പദ്ധതി | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 9 | ശ്രീ. ഇ. കെ. വിജയൻ | കുറ്റ്യാടി-പക്രംതളം-മാനന്തവാടി റോഡ് വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. ജോൺ ഫെർണാണ്ടസ് | ബ്രോഡ് വേ നവീകരണം | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |

[പ്രതിപക്ഷ അംഗങ്ങളുടെ ബഹളം അനിയന്ത്രിതമായതിനെത്തുടർന്ന് സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകുവാൻ കഴിയാത്തതിനാൽ രാവിലെ 11.02-ന് സഭ താൽക്കാലികമായി നിർത്തിവെച്ചു.]

രാവിലെ 11.31-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ വീണ്ടും സമ്മേളിച്ചു

[പ്രതിപക്ഷാംഗങ്ങൾ വീണ്ടും നടുത്തളത്തിനടുത്തേക്ക് വരികയും മുദ്രാവാക്യം മുഴക്കുകയും ചെയ്തു.]

റിപ്പോർട്ട് അവതരണം:

കേരള പൊതുവ്യയ പുനഃപരിശോധന കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ട് കാലതാമസപത്രിക സഹിതം സഭയുടെ മേശപ്പുറത്തുവച്ചു.

ധനകാര്യം:

## 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല. ചർച്ച കൂടാതെ ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കി.

2019 ജൂൺ 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 9-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 11.37-ന് സഭ പിരിഞ്ഞു.

സി. ജോസ്,
*സെക്രട്ടറി-ഇൻ-ചാർജ്.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Fifteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, June 24, 2019*

**No. 174**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally,

*Adjournment Motion:*

After hearing the Chief Minister, Speaker withheld consent to the moving of an adjournment motion given notice of by Shri K. M. Shaji and three other Members regarding the serious situation that have arisen due to the reported move to spare the accused and to sabotage the investigation regarding the suicide incident of Parayil Sajan, an NRI entrepreneur at Anthur in Kannur District.

[In protest against the attitude of the Government in not discussing the matter, Members belonging to the Opposition trooped in to the well of the House shouting slogans and disrupted the proceedings.]

*Calling Attention:*

Shri B. D. Devassy called the attention of the Minister for Water Resources to the necessity to complete the works of Idathukara link canal of Idamalayar Project urgently. The Transport Minister for Minister for Water Resources laid on the table a statement thereto.

KNPP. 837/2019 (ii).

*The Matters under Rule 304 :*

The Ministers concerned laid on the table statements on the following matters under Rule 304:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | തിരുവനന്തപുരം പോലീസ് സഹകരണസംഘം തെരഞ്ഞെടുപ്പ് | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. ജെ. മാക്സി | കൊച്ചി തുറമുഖത്തിന് സമീപം മലബാർ സിമന്റ്സിനായി ഏറ്റെടുത്ത ഭൂമിയുടെ ഉപയോഗം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. പി. കെ. ബഷീർ | അരീക്കോട് സ്റ്റേഡിയം നിർമ്മാണം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. പി. അനിൽ കുമാർ | കേരള എസ്റ്റേറ്റ് വില്ലേജിലെ ഭൂമിയുടെ പോക്കുവരവ് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. റോഷി അഗസ്റ്റിൻ | പ്രളയം മൂലം ചെറുകിട വ്യാപാരസ്ഥാപനങ്ങൾ, തൊഴിൽശാലകൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. ദാസൻ | പയ്യോളിയിലേയും സമീപഗ്രാമപഞ്ചായത്തുകളിലേയും കുടിവെള്ളക്ഷാമം | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. ടി. എ. അഹമ്മദ് കബീർ | ളുതപ്പുഴയിൽ കീഴ്മുറി കടവുമോദിക്കയം ഭാഗത്ത് റെഗുലേറ്റർ കം ബ്രിഡ്ജ് | ധനകാര്യവും കയറും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. ഒ. ആർ. കേളു | VKY ഭവന നിർമ്മാണ പദ്ധതി | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 9 | ശ്രീ. ഇ. കെ. വിജയൻ | കുറ്റ്യാടി-പക്രംതളം-മാനന്തവാടി റോഡ് വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. ജോൺ ഫെർണാണ്ടസ് | ബ്രോഡ് വേ നവീകരണം | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |

[As it was difficult to carry on business of the House amidst the pandemonium Speaker temporarily adjourned the House at 11.02 a.m.]

The House re-assembled at 11.31 a.m. with Mr. Speaker in the Chair.

[The Members belonging to the opposition again trooped near the dies raising slogans and tried to disrupt the proceedings of the House.]

*Presentation of Reports:*

The following Report was laid on the Table with delay statement.

The Fourth Report of the Fourth Kerala Expenditure Review Committee.

*Financial Business:*

<u>Discussion and Voting on Demands for Grants in the Budget for the financial year 2019-2020</u>

Shri A. C. Moideen, Minister for Local Self Governments, moved Demand No. XXII—Urban Development, Demand No. XXXV—Panchayat and Demand No. XXXVI—Rural Development for the amounts shown against them under column No.5 in the list of Demands for Grants.

Dr. T. M. Thomas Isaac, the Minister for Finance and Coir laid on the table statements under Rule 236(3) with regard to the Demands.

The cut motions were not moved. The Demands were then passed without discussion.

The House adjourned at 11.37 a.m.to meet again at 9.00 a.m. on Tuesday, June 25, 2019.

C. Jos,
*Secretary-in-charge.*